ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ 11,000 കോടി രൂപയുടെ ദേശീയ പാത വികസന പദ്ധതികൾ നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi to inaugurate two National Highway projects worth around 11 thousand crore rupees in New Delhi tomorrow.**

2. ബിഹാറിലെ വോട്ടർപട്ടിക പരിഷ്കരണത്തിൽ വിവാദങ്ങൾ ഉയർന്ന പശ്ചാത്തലത്തിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നാളെ മാധ്യമങ്ങളെ കാണും.

   **The Central Election Commission will meet the media tomorrow in the backdrop of controversies over the electoral roll revision in Bihar**

3. കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു; എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്; കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **Rains intensifies in Kerala; alerts in all districts; Fishing banned off the coasts of Kerala, Karnataka and Lakshadweep.**

4. അലാസ്ക ഉച്ചകോടിയെ സ്വാഗതം ചെയ്ത് ഇന്ത്യ; അമേരിക്കൻ പ്രസിഡൻറുമായി മറ്റന്നാൾ കൂടിക്കാഴ്ച നടത്താൻ സാധ്യതയെന്ന് യുക്രെയ്ൻ പ്രസിഡന്റ്.

   **India welcomes the Alaska summit; Ukrainian President says he may meet the US President on Monday.**

5. ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന് കസാക്കിസ്ഥാനിലെ ഷിംകെന്റിൽ തുടക്കം. മനു ഭാക്കർ ഇന്ത്യയെ നയിക്കും.

**Asian Championship to kick off at Shymkent in Kazakhstan today.Manu Bhaker will leads India.**

&&&&&&&&&&&&&&&&&&

## PM INAUGU.ON DELHI ROHINI –TWO HIGHWAYS(INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഡൽഹിയിലെ രോഹിണിയിൽ ഏകദേശം 11,000 കോടിരൂപയുടെ രണ്ടു പ്രധാന ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യും. പൊതുയോഗത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

ഒരു റിപ്പോർട്ട്.......

&&&&&&&&&&&&&&&&&&

## PM INAUGU.ON DELHI ROHINI –TWO HIGHWAYS (voice)

ദ്വാരക അതിവേഗപാതയുടെ ഡൽഹി ഭാഗവും എൻസിആറിലെ അർബൻ എക്സ്റ്റൻഷൻ റോഡ്-രണ്ടാം ഘട്ടവും പ്രധാനമന്ത്രി നാളെ രാഷ്ട്രത്തിന് സമർപ്പിക്കും. ഡൽഹിയിൽ ബഹുതല സമ്പർക്കസൗകര്യമൊരുക്കുന്നതിനും തിരക്കു കുറയ്ക്കുന്നതിനും പദ്ധതികൾ സഹായിക്കും. ഈ പദ്ധതികൾ ലോകോത്തര അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിച്ചു ജനജീവിതം സുഗമമാക്കുകയും തടസ്സരഹിതയാത്ര ഉറപ്പാക്കുകയും ചെയ്യുക എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു. ദ്വാരക അതിവേഗപാതയുടെ 10.1 കിലോമീറ്റർ നീളമുള്ള ഡൽഹി ഭാഗം ഏകദേശം 5360 കോടി രൂപ ചെലവിലാണു വികസിപ്പിച്ചത്. യശോഭൂമി, DMRC ബ്ലൂ ലൈൻ, ഓറഞ്ച് ലൈൻ, വരാനിരിക്കുന്ന ബിജ്വാസൻ റെയിൽവേ സ്റ്റേഷൻ, ദ്വാരക ക്ലസ്റ്റർ ബസ് ഡിപ്പോ എന്നിവയിലേക്കു ബഹുതല സമ്പർക്കസൗകര്യവും ഇതൊരുക്കും. ദ്വാരക അതിവേഗപാതയുടെ 19 കിലോമീറ്റർ നീളമുള്ള ഹരിയാണ ഭാഗം കഴിഞ്ഞ വർഷം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു.

**ന്യൂസ്ഡെസ്ക്, ആകാശവാണി.....**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

## CEC PRESS CONFERENCE

ബിഹാറിലെ വോട്ടർപട്ടിക പരിഷ്കരണത്തിൽ വിവാദങ്ങൾ ഉയർന്ന പശ്ചാത്തലത്തിൽ അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദീകരിക്കുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ വാർത്താസമ്മേളനം നടത്തും. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റ ശേഷം അദ്ദേഹം നടത്തുന്ന ആദ്യ വാർത്താസമ്മേളന മാണിത്. ന്യൂഡൽഹിയിലെ നാഷണൽ മീഡിയ സെൻററിൽ ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് അദ്ദേഹം മാധ്യമങ്ങളെ കാണും. കർണാടകയിലെ മഹാദേവപുര മണ്ഡലത്തിൽ വോട്ടർ പട്ടികയിൽ ക്രമക്കേടുകൾ ആരോപിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച ചോദ്യങ്ങൾക്കും മറുപടി നൽകുമെന്നാണ് സൂചന.

&&&&&&&&&&&&&&&&&&

## BIHAR RAHUL YATRA

വോട്ടർ പട്ടിക പരിഷ്കരണത്തിൽ ആരോപിക്കപ്പെടുന്ന ക്രമക്കേടുകൾ ഉയർത്തിക്കാട്ടി മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നയിക്കുന്ന 'വോട്ട് റൈറ്റ്സ് യാത്ര" ബീഹാറിലെ സസാറാമിൽ നിന്നും നാളെ ആരംഭിക്കും. 16 ദിവസത്തെ യാത്ര സംസ്ഥാനത്തെ 25 ജില്ലകളിലൂടെ കടന്നുപോകും. രാഷ്ട്രീയ ജനതാദൾ നേതാവ് തേജസ്വി പ്രസാദ് യാദവ് ഉൾപ്പെടെയുള്ള I.N.D.I.A. സഖ്യ നേതാക്കളും യാത്രയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## VAJPAYEE

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ഏഴാം ചരമ വാർഷികമായ ഇന്ന് രാജ്യം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ദേശീയ തലസ്ഥാനത്ത് വാജ്പേയിയുടെ സ്മാരകത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. അടൽ ബിഹാരി വാജ്പേയി മൂന്ന് തവണയാണ് ഇന്ത്യയുടെ പ്രധാനമന്ത്രിയായത്.

&&&&&&&&&&&&&&&&&&

## JAISHANKAR- SOUTH KOREAN FM (Intro)

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രി ചോ ഹ്യൂയ് നുമായി ഉഭയകക്ഷി ചർച്ച നടത്തി. ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ പ്രതിരോധം, സുരക്ഷ, സാമ്പത്തികം, ഊർജ്ജം, നിർമ്മിത ബുദ്ധി, വ്യാപാരം, ഉൽപ്പാദനം തുടങ്ങി വിവിധ വിഷയങ്ങൾ ഇരുനേതാക്കളും ചർച്ച ചെയ്തു. പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ അപലപിച്ചതിന്, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രി ചോ ഹ്യൂയ് ന് നന്ദി പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&&&

## CHINA FM VISIT

ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി, രണ്ട് ദിവസത്തെ സന്ദർശനത്തതിനായി തിങ്കളാഴ്ച ഇന്ത്യയിലെത്തും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹം ഇന്ത്യ സന്ദർശിക്കുന്നത്. സന്ദർശന വേളയിൽ, ഇന്ത്യ-ചൈന അതിർത്തി പ്രശ്നം സംബന്ധിച്ച പ്രത്യേക പ്രതിനിധികളുടെ 24-ാം മത് ചർച്ചയിൽ ശ്രീ അജിത് ഡോവലിനൊപ്പം അദ്ദേഹം പങ്കെടുക്കും. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായും ചൈനീസ് വിദേശകാര്യ മന്ത്രി, ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## MUHAMMED RIYAS-Kerala Road

കേരളത്തിൽ പാലം നിർമ്മാണ പ്രവൃത്തികളിലെ സാങ്കേതിക നടപടിക്രമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ മന്ത്രി പി.എ.മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം. ഐഐടി,എൻഐടി തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാകും പ്രത്യേക സമിതി രൂപീകരിക്കുക.

&&&&&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഇടുക്കി മൂന്നാർ ഗ്യാപ് റോഡ് വഴിയുള്ള രാത്രികാല ഗതാഗതം ഇന്നും നാളെയും നിരോധിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## TRICOLOUR–SEATTLE

അമേരിക്കയിലെ സിയാറ്റിലിലെ 605 അടി ഉയരമുള്ള സ്പേസ് നീഡിൽ ടവറിൽ ഇന്ത്യൻ ത്രിവർണ്ണ പതാക ഉയർത്തി. ഇന്ത്യയുടെ 79-ാമത് സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ പരിപാടിയിൽ, ഇന്ത്യൻ കോൺസുലേറ്റ് ജനറൽ പ്രകാശ് ഗുപ്ത, സിയാറ്റിൽ മേയർ ബ്രൂസ് ഹാരെൽ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## SHYJUMON (INTRO)

സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരാമർശിച്ച ജി എസ് ടി പരിഷ്കരണ നിർദ്ദേശങ്ങൾ നിത്യോപയോഗ സാധനങ്ങളുടെ നികുതി കുറയാനിടയാക്കുമെന്ന് സാമ്പത്തിക വിദഗ്ധനായ ഷൈജുമോൻ സി എസ് ആകാശവാണി വാർത്തകളോട് പറഞ്ഞു....

(വോയ്സ്)

&&&&&&&&&&&&&&&&&&

## INDIA – ALASKA MEETING

അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും തമ്മിൽ അലാസ്കയിൽ നടന്ന ഉച്ചകോടിയെ സ്വാഗതം ചെയ്ത് ഇന്ത്യ. ചർച്ചകളിൽ കൈവരിച്ച പുരോഗതിയെ കേന്ദ്ര വിദേശകാര്യമന്ത്രാലയം പ്രകീർത്തിച്ചു. സംഭാഷണവും

നയതന്ത്രവും മാത്രമാണ് മുന്നോട്ടുള്ള ഏക പാതയെന്ന് മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. 2022 ഫെബ്രുവരിയിൽ റഷ്യ, യുക്രെയ്ൻ അധിനിവേശം നടത്തിയതിനു ശേഷമുള്ള ആദ്യത്തെ യുഎസ്-റഷ്യ ഉച്ചകോടിയാണ് ഇന്നലെ അലാസ്കയിൽ നടന്നത്.

&&&&&&&&&&&&&&&&&

## REV. ADD DAY TRUMP-PUTIN MEETING

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി വാഷിംഗ്ടണിൽ മറ്റന്നാൾ കൂടിക്കാഴ്ച നടത്തിയേക്കുമെന്നു യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി നടന്ന കൂടിക്കാഴ്ചയിലെ പ്രധാന വിഷയങ്ങൾ, അമേരിക്കൻ പ്രസിഡന്റ് തന്നെ അറിയിച്ചതായും സെലെൻസ്കി സാമൂഹിക മാധ്യമത്തിൽ അറിയിച്ചു. അതെസമയം, ട്രംപ് സെലെൻസ്കിയുമായും നാറ്റോ
നേതാക്കളുമായും സംസാരിച്ചതായി വൈറ്റ് ഹൗസ് അറിയിച്ചു.

&&&&&&&&&&&&&&&&&

## REV PAK FLOODING

വടക്കൻ പാകിസ്ഥാനിൽ, കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ 321 പേർ മരിച്ചു. നിരവധി പേരെ കാണാതായി. വടക്ക്-പടിഞ്ഞാറൻ പാകിസ്ഥാനിലെ ബുണർ ജില്ലയെയാണ് പ്രളയം ഏറ്റവും കൂടുതൽ ബാധിച്ചത്.

കനത്ത മഴ തുടരുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് പാകിസ്ഥാൻ കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&

## J AND K-CM VISITS FLOOD HIT

ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ മേഘ വിസ്ഫോടനത്തെ തുടർന്നുള്ള വെള്ളപ്പൊക്കത്തിലുണ്ടായ നാശനഷ്ടങ്ങൾ, മുഖ്യമന്ത്രി ഒമർ അബ്ദുള്ള വിലയിരുത്തി. കിഷ്ത്വാറിലെ ചഷോട്ടി ഗ്രാമം അദ്ദേഹം സന്ദർശിച്ചു. ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയും

ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യു. സൈന്യം, എൻഡിആർഎഫ്, എസ്ഡിആർഎഫ്, പ്രാദേശിക ഭരണകൂടം എന്നിവ ഒത്തൊരുമിച്ചുള്ള രക്ഷാപ്രവർത്തനങ്ങൾ പ്രദേശത്ത് പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&

## SHOOTING CHAMPIONSHIP

2025 ലെ ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന് കസാക്കിസ്ഥാനിലെ ഷിംകെന്റിൽ തുടക്കം. ഒളിമ്പിക്സ് മെഡൽ ജേതാവായ മനു ഭാക്കർ ഇന്ത്യയെ നയിക്കും. വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റളിലും 25 മീറ്റർ പിസ്റ്റളിലും മനു ഭാക്കർ മത്സരിക്കും. സീനിയർ, ജൂനിയർ ഇനങ്ങളിൽ 164 ഷൂട്ടർമാർ ഉൾപ്പെടുന്ന ഏറ്റവും വലിയ സംഘത്തെയാണ് ഇന്ത്യ അയച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## BOB SIMPSON PASSES WAY

ഓസ്ട്രേലിയയുടെ മുൻ ക്രിക്കറ്റ് ടീം ക്യാപ്റ്റനും പരിശീലകനുമായ ബോബ് സിംപ്സൺ അന്തരിച്ചു. 89 വയസായിരുന്നു. ഓസ്ട്രേലിയയെ ആഷസ്, ലോകകപ്പ്, വെസ്റ്റ് ഇൻഡീസ് പരമ്പര എന്നീ മത്സരങ്ങളിൽ വിജയങ്ങളിലേക്ക് നയിച്ച സിംപ്സൺ, മികച്ച ഓപ്പണിംഗ് ബാറ്റർ, ഫീൽഡർ, സ്പിന്നർ, പരിശീലകൻ എന്നീ നിലകളിൽ പ്രശസ്തനാണ്.

&&&&&&&&&&&&&&&&&&

## TRUMP-CHINA TARIFF

റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നതിന് ചൈന പോലുള്ള രാജ്യങ്ങൾക്ക് അധിക തീരുവ ചുമത്തുന്നത് ഉടൻ പരിഗണിക്കേണ്ടതില്ലെന്നും എന്നാൽ രണ്ടോ മൂന്നോ ആഴ്ചകൾക്കുള്ളിൽ അത് ചെയ്യേണ്ടി വന്നേക്കാമെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു. യുക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കാൻ ഒരു നീക്കവും നടത്തിയില്ലെങ്കിൽ റഷ്യയ്ക്കും അവരുടെ എണ്ണ വാങ്ങുന്ന രാജ്യങ്ങൾക്കുമെതിരെ ഉപരോധം ഏർപ്പെടുത്തുമെന്ന് ട്രംപ് ഭീഷണി മുഴക്കിയിരുന്നു. റഷ്യൻ എണ്ണയുടെ തുടർച്ചയായ

ഇറക്കുമതി ചൂണ്ടിക്കാട്ടി ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് പ്രസിഡന്റ് ട്രംപ് കഴിഞ്ഞ ആഴ്ച 25% അധിക തീരുവ ഏർപ്പെടുത്തി യിരുന്നു.

&&&&&&&&&&&&&&&&&

## FS - NEPAL VISIT

നേപ്പാൾ വിദേശകാര്യ സെക്രട്ടറി അമൃത് ബഹാദൂർ റായിയുടെ ക്ഷണം സ്വീകരിച്ച്, വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി നാളെ നേപ്പാൾ സന്ദർശിക്കും. രണ്ട് ദിവസം നീണ്ടു നിൽക്കുന്ന സന്ദർശനം, ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ മെച്ചപ്പെടുത്തുമെന്നു വിദേശകാര്യ മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&